## പതിനാലാം കേരള നിയമസഭ
### പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1354

06/02/2020 ൽ മറുപടിക്ക്

## റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ

**ചോദ്യം**
**ശ്രീ.പി.സി. ജോർജ്**

**മറുപടി**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആധാറും തണ്ടപ്പേരും തമ്മിൽ ബന്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് ആധാറും തണ്ടപ്പേരും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | ഇതിലേയ്ക്കായി സംസ്ഥാനത്തെ മുഴുവൻ റവന്യൂ രേഖകളും ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തിയുടെ പുരോഗതി വെളിപ്പെടുത്തുമോ; | (ബി) | നിലവിൽ റവന്യൂ വകുപ്പിലെ 1664 വില്ലേജുകളിൽ 1653 വില്ലേജുകളിലെയും ബി.റ്റി.ആർ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഡാറ്റാ ഉപയോഗിച്ചാണ് യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏതെങ്കിലും വില്ലേജിൽ മിച്ചഭൂമി ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (സി | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്ത് ഓരാൾക്ക് ഒരു തണ്ടപ്പേർ എന്ന രീതി നടപ്പിലാവുന്നതാണ്. അതോടുകൂടി ഏതൊരു സ്ഥലത്തും ഒരാൾ കൈവശം വച്ചിരിക്കുന്ന ആകെ ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ